പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1972 **26-10-2026-ൽ മറുപടിയ്ക്ക്**

കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയിലെ സാമ്പത്തിക ക്രമക്കേടുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിശോധിച്ചുവരുന്നു. ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ;

മറുപടി: 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ പ്രാഥമിക റിപ്പോർട്ടുകളാണ് ലഭിച്ചിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ലഭ്യമായ പ്രാഥമിക റിപ്പോർട്ടുകളിൽ ചില അപാകതകൾ ചൂണ്ടിക്കാണിക്കുകയും ആയതിന്റെ മറുപടി ഓഡിറ്റ് വിഭാഗത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) പേവാർഡുകൾ അറ്റകുറ്റപ്പണിക്കെന്ന പേരിൽ ദീർഘകാലം അടച്ചിടുകയും അഞ്ചു കോടിയോളം രൂപയുടെ സാമ്പത്തിക ക്രമക്കേട് സംസ്ഥാന വ്യാപകമായി നടന്നുവെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

മറുപടി: ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്; രേഖകൾ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ